"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര നഗരസഭയിൽ കണ്ടിജന്റ് വിഭാഗം സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ആർ.സുശീല അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.1754/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/09/2020

---

പരാമർശം:- 1) ശ്രീമതി.ആർ.സുശീല സമർപ്പിച്ചിട്ടുള്ള 07/05/2018 തീയതിയിലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്.

2) ശ്രീമതി.ആർ.സുശീല സമർപ്പിച്ചിട്ടുള്ള 01/07/2014, 01/02/2015, 08/05/2018 തീയതികളിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ.

3) ശ്രീമതി.ആർ.സുശീലയുടെ 12/04/2019 തീയതിയിലെ ശൂന്യവേതനാവധി അപേക്ഷ.

4) നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയുടെ 06/12/2019 തീയതിയിലെ ഇ4/24156/2014 നമ്പർ ഉത്തരവ് നടപടികൾ.

5) നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയുടെ 06/05/2017, 24/09/2018, 07/12/2019 തീയതികളിലെ ഇ4/24156/2014 നമ്പർ കത്തുകൾ.

6) നഗരകാര്യ ഡയറക്ടറുടെ 09/01/2018, 31/05/2019, 15/01/2020 തീയതികളിലെ ഇ2-11679/17 നമ്പർ കത്തുകൾ.

**ഉത്തരവ്**

നെയ്യാറ്റിൻകര നഗരസഭയിൽ നിന്നും സാനിട്ടേഷൻ വർക്കറായി 30/11/2018 ൽ വിരമിച്ച ശ്രീമതി.ആർ.സുശീല അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 01/07/2014 മുതൽ 06/05/2018 വരെയും 08/05/2018 മുതൽ 30/11/2018 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി അനുവദിക്കുന്നതിലേയ്ക്കായി പരാമർശം (1) മുതൽ (3) വരെയുള്ള ടിയാളുടെ അവധി അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എന്നിവ പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/07/2014 മുതൽ 06/05/2018 വരെയും 08/05/2018 മുതൽ 30/11/2018 വരെയുമുള്ള കാലയളവുകളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിന് നെയ്യാറ്റിൻകര നഗരസഭയിൽ കണ്ടിജന്റ് വിഭാഗം സാനിട്ടേഷനൻ വർക്കറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ആർ.സുശീലയ്ക്കെതിരെ നഗരസഭാതലത്തിൽ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി പരാമർശം (5) പ്രകാരം ഒഴിവാക്കി നടപടികൾ തീർപ്പാക്കിയ സാഹചര്യവും ടിയാൾ ജോലിക്കിടയിൽ സംഭവിച്ച അപകടത്തെ തുടർന്നുള്ള എല്ല് പൊട്ടലിന് (Fracture) ആണ് കിടത്തി ചികിൽസ ഉൾപ്പെടെയുള്ള ചികിത്സ

തേടിയിരുന്നത് എന്നതും ടിയാൾ സർവ്വീസിൽ നിന്ന് വിരമിച്ചതും കണക്കിലെടുത്ത് പ്രസ്തുത കാലയളവുകൾ കെ.എസ്.ആർ പാർട്ട് I, റൂൾ 88 പ്രകാരം, ആർജ്ജിതാവധി സമ്പാദിക്കുന്നതൊഴികെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും എന്ന വ്യവസ്ഥയിന്മേൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ